(ബി & സി) പ്രകരം ഭൂമി നിയമാനുസൃതം നല്കുന്നതിന് ഇറിഗേഷൻ വകുപ്പിന് തടസ്സങ്ങളൊന്നുമില്ല. 13 കുടുംബങ്ങളിൽ 11 കുടുംബങ്ങൾ പ്രമാണങ്ങൾ ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത രേഖകൾ ജില്ലാ കളക്ടറും റവന്യൂ വകുപ്പും പരിശോധിച്ച് വരുകയാണ്. പുനരധിവാസത്തിനുള്ള നടപടി ക്രമങ്ങൾ പുരോഗിച്ചു വരുന്നു.

പിലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

38 (2137) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പിലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പിലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് NABARD RIDF XVI-ൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് മേൽനടപടി സ്വീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ വാഴയൂർകയം നന്നാക്കുന്നതിന് നടപടികൾ

40 (2138) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വാഴയൂർക്കയം നന്നാക്കുന്നതിന് മലപ്പുറം മൈനർ ഇറിഗേഷനിൽ നിന്നും ലഭിച്ച പ്രൊപ്പോസലിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പദ്ധതികളിന്മേൽ ഇതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി ഈ പദ്ധതിക്ക് 95 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിക്കായുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly